# STD - IV

## അദ്ധ്യാപക സഹായി

**പാഠം - ഏഴ്　　　　രോഗീലേപനം　　　　ഭാഗം - ഒന്ന്**

### ലക്ഷ്യം

സൗഖ്യദായകനായ യേശു, രോഗികളെ സുഖപ്പെടുത്താനുള്ള പ്രത്യേക അധികാരം തന്റെ ശിഷ്യന്മാർക്കു നൽകി. പാപം മോചിപ്പിക്കാനും, രോഗസൗഖ്യം നൽകാനും യേശു അപ്പസ്തോലന്മാർക്കു നൽകിയ അധികാരം ഇന്ന് സഭയിൽ പ്രാവർത്തികമാക്കുന്നത് രോഗീലേപനം എന്ന കൂദാശയിലൂടെയാണ്.

യേശുവിനെപ്പോലെ രോഗികളോട് പ്രത്യേക അനുകമ്പയും സ്നേഹവും പ്രകടിപ്പിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യും.

### പഠനസഹായികൾ

* Jesus, Healing of the blind beggar, Bartimaeus (1.45 min video-Jesus Film)
* CCC - 1499, 1526, 1527, 1529, 1530 (രോഗീലേപനം)
* YOUCAT - 240, 243, 245, 246 (രോഗീലേപനം)
* വചനം - ലൂക്ക. 18:35-43 (യേശു അന്ധനു കാഴ്ചനൽകുന്നു), മർക്കോ. 6:12-13 (ശിഷ്യന്മാർ രോഗികളെ സുഖപ്പെടുത്തുന്നു), അപ്പ. 3:1-10 (അപ്പസ്തോലന്മാർ മുടന്തന് സൗഖ്യം നൽകുന്നു), യാക്കോ. 5:14-15 (വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും)

### പാഠത്തിന്റെ ഉള്ളടക്കം

* രോഗികളോട് പ്രത്യേക കരുണയും സ്നേഹവും യേശു പ്രകടിപ്പിച്ചു.
* യേശു രോഗികളെ സുഖപ്പെടുത്തുന്നു.
* രോഗികളെ സുഖപ്പെടുത്താൻ ഉള്ള അധികാരം യേശു ശിഷ്യന്മാർക്ക് നൽകി
* പാപം മോചിപ്പിക്കാനും സൗഖ്യം നൽകാനും അപ്പസ്തോലന്മാർക്ക് യേശു നൽകിയ അധികാരം സഭയിലൂടെ രോഗീലേപനം എന്ന കൂദാശയിലൂടെ തുടർന്നു പോരുന്നു.

### പ്രാർത്ഥന

സൗഖ്യദായകനായ ഈശോയെ എല്ലാ രോഗികൾക്കും വേണ്ടി നിരന്തരം പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. രോഗികളെ സുഖപ്പെടുത്താനുള്ള അധികാരം യേശു ആർക്കാണ് നൽകിയത്?
2. പാപം മോചിപ്പിക്കാനും സൗഖ്യം നൽകാനുമുള്ള അധികാരം യേശു ആർക്കാണ് നൽകിയത്?
3. ആദിമസഭയിൽ, ആരെങ്കിലും രോഗികളാണെങ്കിൽ അവർക്കുവേണ്ടി എന്തു ചെയ്യുവാനാണ് വിശുദ്ധ യാക്കോബ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്?
4. രോഗികൾക്കുവേണ്ടി നമ്മൾ എന്ത് ചെയ്യണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്?
5. യേശു ജെറീക്കോയിൽ എത്തിയപ്പോൾ, ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന അന്ധൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞതെന്ത്?

# STD - IV

## അദ്ധ്യാപക സഹായി

**പാഠം – ഏഴ്      രോഗീലേപനം      ഭാഗം – രണ്ട്**

### ലക്ഷ്യം

രോഗികളെ സഹായിക്കുന്നതും ആത്മാവിന് ശാന്തി പകരുന്നതും ശരീരത്തിന് സുഖം കൊടുക്കുന്നതുമായ കൂദാശയാണ് രോഗീലേപനം. രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുകയും, പരിചരിക്കുകയും അവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യും.

### പഠനസഹായികൾ

* രോഗീലേപനം നൽകുന്ന ചിത്രങ്ങൾ- Video, Catholic Sacraments Anointing of the sick-ൽ കാണിച്ചിരിക്കുന്നതുപോലെ picture cutting
* CCC - 1532 (രോഗീലേപനമെന്ന കൂദാശയുടെ ഫലങ്ങൾ)
* വചനം – മർക്കോ. 1:29–32 (യേശു പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു)

### പാഠത്തിന്റെ ഉള്ളടക്കം

* രോഗീലേപനത്തിന്റെ ഫലങ്ങൾ
* രോഗീലേപന കൂദാശ പരികർമം ചെയ്യുന്ന രീതി
* എപ്പോഴെല്ലാം രോഗീലേപനം സ്വീകരിക്കാം.
* രോഗികൾക്കുവേണ്ടിയും, രോഗാവസ്ഥയിലും നമ്മൾ ചെയ്യേണ്ടത്

### പ്രാർത്ഥന

സൗഖ്യദായകനായ ദൈവമേ, രോഗികളായ ഞങ്ങളുടെ സഹോദരങ്ങളിൽ ശക്തിയും പ്രത്യാശയും സമാധാനവും സമാശ്വാസവും നിറയുന്നതിനുവേണ്ടിയുള്ള അനുഗ്രഹം തന്നരുളണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ചോദ്യങ്ങൾ**

1. എപ്പോഴെല്ലാം രോഗീലേപനം സ്വീകരിക്കാം?
2. രോഗീലേപനത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
3. രോഗീലേപനം വീണ്ടും സ്വീകരിക്കാവുന്ന കൂദാശയാണോ?
4. രോഗിയുടെ ശരീരത്തിൽ എവിടെയെല്ലാം ആണ് വൈദികൻ വിശുദ്ധ തൈലം പൂശുന്നത്?
5. യേശു പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തിയ വചനഭാഗത്തിലെ സംഭവം എഴുതുക. (മർക്കോ. 1:29-31)